**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. എ. വി. വിപിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ) നം **3290/2015/**തസ്വഭവ — തിരുവനന്തപുരം, തീയതി **09/11/2015**

---

പരാമർശം: 1) ശ്രീ.എ വി വിപിന്റെ 11.04.2013 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 13.02.2015 ലെ ഇ 6-33495/14 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. എ. വി. വിപിന് കെ. എസ്. ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം പി.എച്ച്.ഡി ചെയ്യുന്നതിന് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധിയപേക്ഷ പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. എ.വി, വിപിന് 21.05.2012 മുതൽ 20.05.2017 വരെ 5 വർഷത്തേക്ക് ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. അവധിക്കു ശേഷം സർവ്വീസിൽ പുന:പ്രവേശിക്കാത്ത സാഹചര്യത്തിൽ കെ.എസ്.ആർ, ഭാഗം 1, അനുബന്ധം XII B, ചട്ടം (vi) പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല സി. എസ്
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
സെക്രട്ടറി, അന്തിക്കാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ശ്രീ. എ വി വിപിൻ, ക്ളാർക്ക്,അന്തിക്കാട് ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ(പഞ്ചായത്ത് ഡയറക്ടർമുഖേന)
ധനവകുപ്പിന് ( 07.09.2015 ലെ ഇ-120968/റൂൾസ്-ബി2/15/ധന നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ